<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1014</u> <u>09-10-2024 - ൽ മറുപടിയ്ക്ക്</u>

<u>ഷിറിയ പുലിമുട്ട് നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റീ ബിൾഡ് കേരളയിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച മഞ്ചേശ്വരം മണ്ഡലത്തിലെ ഷിറിയ പുലിമുട്ട് നിർമ്മാണ പ്രവൃത്തി തുടങ്ങാൻ വൈകുന്നത് എന്ത് കൊണ്ടാണെന്ന് വിശദമാക്കുമോ? | (എ) | കാസർഗോഡ് ജില്ലയിലെ ഷിറിയ റിവർ ട്രെയിനിങ് പ്രവൃത്തിക്കായി 26/02/2021 തീയതിയിലെ സ.ഉ (സാധാ) നം. 122/2021/പി &ഇ എ നമ്പർ ഉത്തരവ് പ്രകാരം 24.30 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 11/08/2021-തീയതിയിൽ സാങ്കേതിക അനുമതി നൽകി 19/02/2022 തീയതിയിൽ 12 മാസ നിർമ്മാണ കാലാവധിയിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ PKM& Co എന്ന നിർമ്മാണ കമ്പനിയുമായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടു. മേൽ പ്രവൃത്തിയുടെ CRZ Clearance ലഭ്യമാക്കുന്നതിനുള്ള അപേക്ഷ 09/02/2022 ന് കേരള തീരദേശ പരിപാലന അതോറിറ്റി (KCZMA)- യ്ക്ക് സമർപ്പിച്ചു. 26/02/2022 ന് നടന്ന CRZ Clearance Committee- യിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ മാതൃകാപഠന റിപ്പോർട്ട് ഏതെങ്കിലും അംഗീകൃത ഏജൻസിയെക്കൊണ്ട് വെറ്റ് ചെയ്ത് സമർപ്പിക്കാൻ നിർദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഐ.ഐ.ടി മദ്രാസിനെ വെറ്റ് ചെയ്യാൻ ചുമതലപ്പെടുത്തി. ഐ.ഐ.ടി മദ്രാസിൽ നിന്നും 2023 - ഫെബ്രുവരി മാസത്തിൽ പുതുക്കിയ മോഡൽ സ്റ്റഡി റിപ്പോർട്ട് ലഭ്യമായി. ടി റിപ്പോർട്ട് CRZ Clearance ലഭിക്കുന്നതിനായി 16/03/2023- തീയതിയിൽ കേരള തീരദേശ പരിപാലന അതോറിറ്റി (KCZMA)- ക്ക് സമർപ്പിച്ചു. 30/06/2023-ന് കൂടിയ KCZMA- യുടെ 129-ാമത് മീറ്റിങ്ങിൽ വീണ്ടും ഒരു മോഡൽ സ്റ്റഡി നടത്താൻ നിർദേശിച്ചിരുന്നു. എന്നാൽ പിന്നീട് 15/09/2023 ന് കൂടിയ KCZMA- യുടെ 131- ാമത് മീറ്റിങ്ങിൽ കേരള സർക്കാർ Comprehensive Shoreline Management Plan തയ്യാറാക്കുന്നുണ്ടെന്നും, ഷിറിയ റിവർ ട്രെയിനിങ് പദ്ധതിയുടെ CRZ ക്ലിയറൻസ് Comprehensive Shoreline Management Plan ന്റെ അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ എന്ന് |

| | | | |
|---|---|---|---|
| | | | കേരള തീരദേശ പരിപാലന അതോറിറ്റി(KCZMA) അറിയിക്കുകയും ചെയ്തു.<br><br>Comprehensive Shoreline Management Plan (CSMP) ജലവിഭവ വകുപ്പാണ് തയ്യാറാക്കുന്നത്. CSMP അന്തിമമാക്കി CRZ Clearance ലഭിക്കുന്നതിന് കാലതാമസം നേരിട്ടുമെന്ന കാരണങ്ങളാൽ 23/12/2023- ന് കൂടിയ RKI Implementation Committee- യുടെ മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ 16/3/2024 തീയതിയിലെ സ.ഉ (സാധാ) നം. 105/2024/പി &ഇ എ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്തിട്ടുണ്ട്.<br><br>CRZ ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ